**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 134** **11-10-2024 - ൽ മറുപടിയ്ക്ക്**

**റബർ കൃഷിയുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എ. രാജ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | റബർ കൃഷിയെയും റബർ കർഷകരെയും സംരക്ഷിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ; | (എ) | റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പാക്കി വരുന്നു. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതാത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്കു നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. അഞ്ച് ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്.2024 ഏപ്രിൽ ഒന്ന് മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 180 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട് .<br><br>സംസ്ഥാനം നടപ്പിലാക്കുന്ന റബ്ബർ വില സ്ഥിരത ഫണ്ട് 250 രൂപയായി ഉയർത്തുന്നതിന് കേന്ദ്ര സഹായം കൂടി ആവശ്യപ്പെട്ടുകൊണ്ട് നിരവധി തവണ കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും, ബന്ധപ്പെട്ട കേന്ദ്രമന്ത്രിയെ നേരിൽ കണ്ടു കേരളത്തിന്റെ ആവശ്യം അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ കേന്ദ്ര പിന്തുണ ലഭ്യമായിട്ടില്ല.<br><br>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി അംഗങ്ങളാകുന്ന കർഷകർക്ക്, പ്രകൃതി ക്ഷോഭത്തിൽ റബർ മരം നശിച്ച പോകുന്ന സാഹചര്യത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് പദ്ധതി നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | | ടി പദ്ധതി പ്രകാരം കറയെടുക്കുന്ന ഒരു മരത്തിനു ഒരു വർഷത്തേക്ക് 3 രൂപ പ്രകാരവും മൂന്ന് വർഷത്തേക്ക് 7.50 പ്രകാരവും പ്രീമിയം അടച്ച ഇൻഷ്വർ ചെയ്യുന്ന കർഷകർക്ക്, പ്രകൃതിക്ഷോഭത്തിൽ മരം നശിച്ചു പോകുന്ന പക്ഷം, മരം ഒന്നിന് 1,000 രൂപ നിരക്കിൽ നഷ്ടപരിഹാരം നൽകിവരുന്നു.<br>നട്ട് ഒരു മാസം മുതൽ ഏഴു വർഷം വരെ പ്രായമുള്ള മരങ്ങൾക്കു മൂന്നു വർഷത്തേയ്ക്ക് 1.50 രൂപ നിരക്കിൽ പ്രീമിയം അടച്ചു ഇൻഷ്വർ ചെയ്യുന്ന കർഷകർക്ക് മൂന്ന് വർഷം വരെ ഒരു മരത്തിനു 200 രൂപയും മൂന്നു വർഷത്തിന് മേൽ 7 വർഷം വരെ ഒരെണ്ണത്തിന് 600 രൂപയും നഷ്ടപരിഹാരം ലഭിക്കുന്നതാണ്.<br>കേന്ദ്രാവിഷ്കൃത കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്ന കർഷകർക്ക് കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾക്കു വിജ്ഞാപനം ചെയ്ത ടേം ഷീറ്റ് പ്രകാരം കാലാവസ്ഥാനിലയങ്ങളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ഹെക്ടറിന് 1,00,000 രൂപ വരെ ലഭിക്കുന്നതാണ്.<br><br>പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന വിള നാശത്തിനു കറയെടുക്കുന്ന ഒരു മരത്തിനു സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നും 45 രൂപയും സംസ്ഥാന വിഹിതമായി 255 രൂപയും ആകെ 300 രൂപ നഷ്ടപരിഹാരം നൽകുന്നുണ്ട്.<br><br>കറയെടുക്കാത്ത മരങ്ങൾക്കു സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നും 45 രൂപയും സംസ്ഥാന വിഹിതമായി 155 രൂപയും ആകെ 200 രൂപ നഷ്ടപരിഹാരം നൽകുന്നുണ്ട്. |
| (ബി) | റബറിന്റെ റീ പ്ലാന്റിംഗ് സബ്സിഡി ഉയർത്തുന്നതിനും താങ്ങുവില പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | റബ്ബർ റീ പ്ലാന്റിംഗ് സബ്സിഡി വർദ്ധിപ്പിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. 2023 വർഷം മുതൽ റബ്ബർ പുതുകൃഷിയ്ക്കും പുനർ കൃഷിയ്ക്കും (new planting/replanting) സബ്സിഡി ഹെക്ടറിന് 40,000/-രൂപയായി കേന്ദ്രസർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. റബ്ബർ കർഷകർക്ക് സംസ്ഥാന സർക്കാർ നൽകി വരുന്ന റബ്ബർ വില സ്ഥിരതാഫണ്ട് കിലോഗ്രാമിന് 170 രൂപ എന്നത് 2024 ഏപ്രിൽ 1 മുതൽ 180 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | റബർ ഉല്പാദന സൗകര്യം സൃഷ്ടിക്കുന്നതിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ഉണ്ട്. കേരളത്തിലെ പ്രകൃതിദത്ത റബ്ബർ ഉൽപ്പന്ന നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ വ്യവസായ വകുപ്പിന് കീഴിൽ സിയാൽ മോഡലിൽ കേരള റബ്ബർ ലിമിറ്റഡ് (KRL) എന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. സ്വാഭാവിക റബ്ബർ ഉൽപ്പാദകർക്കു മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുക എന്നത് KRL-ന്റെ പ്രവർത്തന ലക്ഷ്യങ്ങളിൽ |

| | | | |
|---|---|---|---|
| | | | പ്രധാനപ്പെട്ടതാണ്. MSME മേഖലയിൽ പ്രാരംഭ ശ്രദ്ധ കേന്ദ്രീകരിച്ച് പ്രകൃതിദത്ത റബ്ബർ അധിഷ്ഠിത, അനുബന്ധ വ്യവസായങ്ങളുടെ ഉൽപ്പാദന കേന്ദ്രമായി കേരള സംസ്ഥാനത്തെ വികസിപ്പിക്കുന്നതിനുള്ള സംയോജിത സൗകര്യങ്ങൾ സജ്ജീകരിക്കുക എന്നതാണ് KRL ന്റെ പ്രധാന ലക്ഷ്യം.<br><br>പദ്ധതിയിൽ നിന്ന് ലഭിക്കുന്ന പ്രധാന നേട്ടങ്ങൾ:<br><br>1) സ്വാഭാവിക റബറിന്റെ വിപണനക്ഷമതയും മൂല്യവർദ്ധനവും മെച്ചപ്പെടുത്തുകയും, റബർ ഉത്പാദക സംഘങ്ങളിലൂടെയും (ആർ.പി.എസ്.), മറ്റ് കർഷക ഗ്രൂപ്പുകളിലൂടെയും കർഷകർക്ക് ആദായം വർദ്ധിപ്പിക്കുകയുംചെയ്യുക.<br><br>2) ആഭ്യന്തര, അന്തർദേശീയ വിപണികളിലേക്ക് ഉയർന്ന ഗുണമേന്മയുള്ള റബ്ബർ ഉൽപന്നങ്ങൾ വിതരണം ചെയ്യുന്നതിനും സംസ്ഥാനത്തെ റബ്ബർ അധിഷ്ഠിത വ്യവസായങ്ങളുടെ കേന്ദ്രമാക്കി മാറ്റുന്നതിനുമായി കേരളത്തിൽ പ്രകൃതിദത്ത റബർ അധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിക്കുക.<br>3)പ്രകൃതിദത്ത റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുക.<br><br>4) സാങ്കേതിക വിദ്യാധിഷ്ഠിതവും മൂല്യ വർദ്ധിതവുമായ ടയർ ഇതര റബ്ബർ ഉൽപ്പന്നങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടുള്ള റബർ അധിഷ്ഠിത വ്യവസായങ്ങളുടെ വികസനം.<br>5) ഗ്രാമീണ ജനതയുടെ സാമ്പത്തിക പുരോഗതിക്കായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. |
| (ഡി) | റോഡ് നിർമ്മാണത്തിന് റബർ ഉപയോഗിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്. ദേശീയ തലത്തിൽ റോഡ് റബ്ബറൈസ് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും മറ്റു നിർമ്മാണ പ്രവർത്തികളിൽ റബ്ബർ വുഡിന്റെയും റബ്ബർ അനുബന്ധ ഉൽപ്പന്നങ്ങളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നാഷണൽ റബ്ബർ പോളിസിയിലൂടെ സാധ്യമാക്കണമെന്നു സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യകൾ അവലംബിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് നിരത്ത് വിഭാഗം natural rubber modified bitumen (NRMB) റോഡ് നിർമ്മാണത്തിന് നിലവിൽ വ്യാപകമായി ഉപയോഗിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ